Cherai Union High School—Assumption by Government.

ചോദ്യം. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയം മറുപടി പറയുമോ:—

(എ) ചെറായി യൂണിയൻ ഹൈസ്കൂൾ ഗവൺമെണ്ടിലേക്കെടുപ്പാൻ വിദ്യാഭ്യാസ ഉപദേശകസമിതി ഗവൺമെണ്ടിലേക്കു ശുപാർശചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണെന്നും അതിനെസംബന്ധിച്ചു ഗവൺമെണ്ടു വല്ല നടപടിയും നടത്തീട്ടുണ്ടോ എന്നും പറയാമോ?

മിസ്റ്റർ പി. ജെ. ജോർജ്ജു് (*Joint Secretary to Government*).—

(എ) ഉവ്വു്.

(ബി) ഫൻസന്ന ഡിസമ്പർ വരെ-ാം തു-. ഇതിനെസംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തീട്ടുണ്ടു്. ബഡ്ജറിൽ പണമില്ലാത്തതുകൊണ്ടു് ഈ കാര്യത്തെപ്പറ്റി ഇക്കൊല്ലം ആലോചിക്കാമെന്നു് തീരുമാനിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ സ്കൂൾ ഗവൺമെണ്ടിലേക്കു എടുക്കാനുള്ള ആലോചന റിട്രെഞ്ചുമെൻറു കമ്മിറ്റി ഏർപ്പെട്ടതിനു മുമ്പുണ്ടായിരുന്നവോ?

മിസ്റ്റർ പി. ജെ. ജോജ്ജു് (*Joint Secretary to Government*).— അതിനു മുമ്പു ഉണ്ടായിരുന്നു എന്നു തോന്നുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— റിട്രെഞ്ചു കമ്മിറ്റി റിപ്പോർട്ടിനുശേഷം ഈ അഭിപ്രായം ഗവൺമെൻറു സ്വീകരിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജു് (*Joint Secretary to Government*).— ബഡ്ജറു സമയത്തു ആലോചിക്കാമെന്നു വെച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— എടുക്കാമെന്നു വെച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജു് (*Joint Secretary to Government*).— പണമുണ്ടോ ഇല്ലയോ എന്നു നോക്കിയതിനുശേഷമേ തീർച്ചയാക്കാൻ സാധിക്കയുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ സ്കൂൾ ഗവൺമെണ്ടിലേക്കു എടുക്കുകയാണെങ്കിൽ ഗവൺമെണ്ടിനു കൂടുതൽ ചിലവു വരുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ജെ. ജോഷ്വ് (*Jiont Secretary to Government*).— കൂടുതൽ ചിലവു വരും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— പെരിങ്ങോട്ടുകര സ്കൂളും കണ്ടശ്ശാങ്കടവു സ്കൂളും എടുത്തുകളയണമെന്നല്ലേ റിട്രേഞ്ചുമെൻറുകമ്മിറ്റി അഭിപ്രായപ്പെട്ടിരിക്കുന്നതു്?

Rao Sahib I. N. Menon (*Director of Public Instruction*).— What is stated in the Retrenchment Committee report, the Honourable Member can know. The report is available to the Member. I do not see how that is relevant here. The Retrenchment Committee has suggested certain retrenchment proposals with regard to the Secondary schools.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— വ്യയസംനീകരണക്കമ്മിറ്റിക്കുവേണ്ടി, നാട്ടുകാർ ഉണ്ടാക്കിക്കൊടുത്തിട്ടുള്ള രണ്ടു സ്കൂളുകളും എടുത്തുകളഞ്ഞു ഈ സ്കൂൾ ഗവൺമെൻറിലേക്കു എടുക്കാൻ കാരണമെന്തു്?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— അത്യാവശ്യമല്ലാത്ത ചിലവുകൾ നിറുത്തിവെച്ചു് അത്യാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനു എന്താണു് വിരോധം? ഈ രണ്ടു സ്കൂളുകളും അത്യാവശ്യമാണെന്നു തോന്നുന്നില്ല. ഇതിൽ പൂർവ്വാപരവിരുദ്ധമായി യാതൊന്നുമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ സ്കൂൾ രണ്ടും ആവശ്യമില്ലെന്നു ഗവൺമെൻറിനു അഭിപ്രായമുണ്ടായതു് റിട്രേഞ്ചുമെൻറു കമ്മിറ്റിയുടെ അഭിപ്രായത്തിനു ശേഷമാണൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ഗവൺമെൻറു ഇതിനെപ്പറ്റി ആലോചിച്ചു; എങ്കിലും ഖണ്ഡിതമായ ഒരു ഓർഡർ പാസ്സാക്കീട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഗവൺമെൻറിൻെറ പോളിസി അറിയാൻ വേണ്ടിയാണു് ഞാൻ ചോദിക്കുന്നതു്.

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— റിട്രേഞ്ചുമെൻറു കമ്മിറ്റിയുടെ അഭിപ്രായം ഗവൺമെൻറിൻെറ പോളിസിയായി വിചാരിക്കരുതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— പെറായി ഹൈസ്കൂൾ ഗവൺമെൻറിലേക്കു എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

Rao Sahib I. N. Menon (*Director of Public Instruction*).— It was one of the matters considered by the Advisory Com-

LIBRARY ARCHIVES Kerala Legislative Assembly

mittee on Education. No final decision has been arrived till now.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇതു് ഗവ മെന്റിലേക്കു എടുക്കണമെന്നുള്ള അഭിപ്രായം അഡൈസറിക്കമ്മിറ്റി യിൽ ഏതു മെമ്പറാണു് കൊണ്ടുവന്നതു്.

Rao Sahib I. N. Menon *(Director of Public Instruction)*.— I want notice.

Mr. A. V. Moothedan *(Chalakkudi)*.—Does this school at present receive any grant?

Rao Sahib I. N. Menon *(Director of Public Instruction)*.— Yes, it is receiving grant.

Maharaja's Hospital—Cochin—admission to women patients.

286. Mr. M. V. Cherian *(Mattancheri)*.—Will the Government be pleased:—

(a) to give the total number of attendance in the out-patient department of the Maharaja's Hospital for men, Cochin, from its opening viz., 27th September 1937 up to this date, viz. 14th January 1938; please give the number of women and children treated out of the above total number.

(b) what was the percentage of attendance of women and children in the out-patient department from 1st January 1937 to 27th September 1937;

(c) if the percentage of attendance of women and children is sufficiently satisfactory, will the Government be pleased to sanction the admission of women and children as in-patients in the above said hospital;

(d) will the Government be pleased to find accommodation in the above said hospital for admission of at least 12 to 15 women patients by making adjustment?

Dr. D. Raghavendra Rao *(Chief Medical Officer)*.—

(a) the total number of attendance is 47,058.

The number of women and children treated is 26,525.

(b) 61·61 per cent.

(c) and (d) Women and children are now being admitted as in-patients in the hospital.

LIBRARY ARCHIVES Kerala Legislative Assembly